# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6014** **7/7/2014** ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലയിടിവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. ദിവാകരൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) റബ്ബറിന്റെ വിലയിടിവ് മൂലം നാമമാത്ര റബ്ബർകൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | റബ്ബറിന്റെ വിലയിടിവ് മൂലം നാമമാത്ര റബ്ബർ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, സംസ്ഥാനസർക്കാർ വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25/2/2014 തീയതിയിലെ സ.ഉ. (എംഎസ്) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, മാർക്കറ്റ്ഫെഡ്, റബ്ബർബോർഡിന്റെ കീഴിലുള്ള റബ്ബർ പ്രൊഡ്യൂസേഴ്സ് കമ്പനികൾ എന്നീ ഏജൻസികളാണ് റബ്ബർ സംഭരണം നടത്തുന്നത്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകിയാണ് കർഷകരിൽ നിന്നും റബ്ബർ സംഭരണം നടത്തുന്നത്. |
| (ബി) എങ്കിൽ അതു വഴി എത്ര കൃഷിക്കാർക്കാണ് പ്രയോജനം ലഭിച്ചതെന്ന് അറിയിക്കാമോ; | (ബി) & (സി) | റബ്ബർമാർക്കും മാർക്കറ്റ്ഫെഡും സഹകരണ സംഘങ്ങൾ വഴി റബ്ബർ സംഭരിച്ചത് കൂടാതെ 425 കർഷകരിൽ നിന്ന് റബ്ബർമാർക്ക് നേരിട്ട് റബ്ബർ സംഭരിച്ചിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**